**A** **602**

# രണ്ടാം പാദവാർഷിക മൂല്യനിർണയം 2016–17

## മലയാളം

ക്ലാസ്സ് : 6 **കേരളപാഠാവലി** സമയം: 2 മണിക്കൂർ

---

### *നിർദേശങ്ങൾ*

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

---

**പ്രവർത്തനം 1 : കഥാപാത്രനിരൂപണം**

'ചിത്രശലഭങ്ങൾ' എന്ന നാടകത്തിലെ കേന്ദ്രകഥാപാത്രമായ മുത്തശ്ശിയുടെ സവിശേഷതകൾ ചിത്രീകരിക്കുന്നത് നോക്കൂ.

സ്വഭാവം
- *വാത്സല്യം*
- *കരുതൽ*
- *ദയ*

രൂപം
- *ചുക്കിച്ചുളിഞ്ഞ ശരീരം*
- *കൂനിക്കൂടിയുള്ള നടത്തം*
- *ഇടറുന്ന ശബ്ദം*

സംഭാഷണ ശകലങ്ങൾ
- *"ദേ, ഈ ചുക്കിച്ചുളിഞ്ഞ കൈകൊണ്ട് പൂണ്ടടങ്ങി കെട്ടിപ്പിടിച്ചില്ലേ?"*
- *"അതുകൊണ്ട് ഞാനവളെ ശിലയാക്കി. . ."*
- *"ഞാൻ പ്രകൃതി . . . അതേ കുഞ്ഞേ, ഞാൻ . . . ഈ കാട് . . . നിങ്ങളുടെ അമ്മ. . ."*

സൂചനകൾ പരിഗണിച്ച് മുത്തശ്ശിയുടെ കഥാപാത്ര നിരൂപണം തയ്യാറാക്കൂ.

**പ്രവർത്തനം 2 : താരതമ്യക്കുറിപ്പ്**

'പടയണി' എന്ന നാടൻ കലാരൂപം നിങ്ങൾ പാഠപുസ്തകത്തിൽ പരിചയപ്പെട്ടല്ലോ. തെയ്യം കലാകാരൻ രഘുപ്പണിക്കരുമായി നടത്തിയ അഭിമുഖത്തിലെ ചില പ്രസക്തഭാഗങ്ങൾ നോക്കൂ:



- *"ദേവന്മാർ, യക്ഷന്മാർ, മരണമടഞ്ഞ കാരണവന്മാർ എന്നിവരുടെ കോലങ്ങൾ കെട്ടിയാടി അവരെ ആരാധിക്കുന്ന അനുഷ്ഠാന കലാരൂപമാണ് തെയ്യം."*

- "ഉത്തര കേരളത്തിൽ പ്രചാരത്തിലുള്ളതാണിത്."
- "തെയ്യം എന്ന വാക്കിന് ദൈവം എന്നാണർത്ഥം."
- "വണ്ണാൻ, മലയൻ, മാവിലൻ, ചെറുമൻ, വേലൻ . . . . തുടങ്ങിയ സമുദായക്കാർ തെയ്യം കെട്ടിയാടുന്നു."
- "കഠിനവ്രതത്തിനുശേഷമാണ് തെയ്യം കെട്ടുക."
- "ഓരോ നാട്ടിലും തെയ്യത്തിന്റെ ചമയങ്ങൾ വ്യത്യസ്തമാണ്. കുരുത്തോല ഏറെ പ്രധാനം. മുള, കവുങ്ങ്, പട്ട് എന്നിവ കൊണ്ട് തെയ്യത്തിന്റെ മുടിയുണ്ടാക്കും."
- "തോറ്റം പാട്ടും, ചെണ്ടയും ഇടയ്ക്കയും പോലുള്ള വാദ്യങ്ങളും തെയ്യത്തിന് മാറ്റു കൂട്ടുന്നു."

A. ഇവയെല്ലാം ഉൾപ്പെടുത്തി, പടയണി, തെയ്യം എന്നീ കലാരൂപങ്ങളെ താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കൂ.

B. താഴെ പറയുന്നവയിൽ പടയണിക്കോലം അല്ലാത്തതേത്?

(തോറ്റം, ഭൈരവി, യക്ഷി)

**പ്രവർത്തനം 3 : വിശകലനക്കുറിപ്പ്**

'ഹാമെലിനിലെ കുഴലൂത്തുകാരൻ' എന്ന നാടോടിക്കഥയിലെ കഥാപാത്രങ്ങളാണ് മേയറും കുഴലൂത്തുകാരനും.

*മേയർ : ആയിരം പൊൻപണമോ? വെറുതെ ഈ കുഴലെടുത്ത് ഒന്നൂതി നിസ്സാരമായൊരു രാഗം കേൾപ്പിച്ചതിനോ? അമ്പത് പൊൻപണം തരാം! വേണമെങ്കിൽ, ചെയ്ത സേവനത്തിന് കുപ്പായത്തിന്മേൽ ഒരു ബഹുമതി ചിഹ്നം കൂടി കുത്തിത്തരാം.*

*വെസെർ നദിയുടെ തീരത്തുകൂടി നടന്നു നടന്ന്, നീണ്ടു നീണ്ടുപോയ ഒറ്റയടിപ്പാത പിന്നിട്ട് കുഴലൂത്തുകാരനും കുട്ടികളും ചെങ്കുത്തായ ഒരു മല ലക്ഷ്യമാക്കി മുന്നോട്ടു നീങ്ങി.*

A. മേയറുടെ സംഭാഷണത്തിൽ നിന്ന് വ്യക്തമാകുന്ന നിലപാടും കുഴലൂത്തുകാരന്റെ പ്രവൃത്തിയും വിശകലനം ചെയ്ത് ഒരു കുറിപ്പ് തയ്യാറാക്കൂ.

B. കുഴലൂത്തുകാരൻ പട്ടണത്തിന്റെ പ്രധാന വീഥിയിലെത്തി. അടിവരയിട്ട പദത്തിന് സമാന പദം എഴുതുക.

(നഗരം, വഴി, ഗാനം)

**പ്രവർത്തനം 4 : ആസ്വാദനം**

ഉള്ളൂരിന്റെ 'മഞ്ഞുതുള്ളി' എന്ന കവിതയിൽ മഞ്ഞുതുള്ളിയുടെ സൗന്ദര്യം വർണിച്ചിരിക്കുന്നു. മഴയെക്കുറിച്ച് ഡി.വിനയചന്ദ്രൻ എഴുതിയ കവിത നോക്കൂ.

കുന്നുകുന്നായിറങ്ങിവരും മഴ
കുന്നിമണി നെഞ്ചിലും കുളിരുകോരും മഴ
എന്റെ കൂടെ പടിവാതിലോളം വന്നു
പിന്നെയും എന്നെ ക്ഷണിച്ചുനില്ക്കും മഴ

കാണട്ടെ കേൾക്കട്ടെ നഗ്നയായ് ധീരയായ്
കാവലായി വന്നെന്നെ മൂടിനില്ക്കും മഴ
ഒറ്റക്കിരിക്കും കിളി ചിറകാറ്റുമ്പോൾ
തെറ്റിവീഴും നീർകണങ്ങളാകും മഴ,
ഞാൻ കണ്ണടയ്ക്കുമ്പോഴെന്റെയുള്ളിൽ പിന്നെ
ഞാൻ കണ്ണടയ്ക്കുമതിന്റെയുള്ളിൽ
പിന്നെയുള്ളിന്റെയുള്ളിലവസാന-
മില്ലാതെ കണ്ണടച്ചങ്ങിരിക്കും.

*(പ്രിയേ വിരഹ ഹേമന്തമേ)*

- കവിതയിലെ മഴയുടെ സവിശേഷതകൾ
- കവിതയിലെ സൗന്ദര്യാംശങ്ങൾ

തുടങ്ങിയ സൂചനകൾ പ്രയോജനപ്പെടുത്തി, ഈ കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

## പ്രവർത്തനം 5 : ജീവചരിത്രക്കുറിപ്പ്

- ഇന്ത്യയുടെ രാഷ്ട്രപതി (2002-2007)
- സാങ്കേതിക ശാസ്ത്രജ്ഞൻ,
- അധ്യാപകൻ, പ്രഭാഷകൻ

***അംഗീകാരങ്ങൾ***
- പത്മഭൂഷൺ 1981
- പത്മവിഭൂഷൺ 1990
- ഭാരതരത്നം 1997



***വിദ്യാഭ്യാസം***
- ഷെവാർട്ട് സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം
- തിരുച്ചിറപ്പള്ളി സെന്റ് തോമസ് കോളേജ് - ഉപരിപഠനം
- മദ്രാസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഉപരിപഠനം

***പിതാവ് :***
ജൈനുലാബ്ദീൻ
***മാതാവ് :***
ആഷിയമ്മ

***പ്രധാന കൃതികൾ :***
- അഗ്നിച്ചിറകുകൾ
- ജ്വലിക്കുന്ന മനസ്സുകൾ
- വിഷൻ ഇന്ത്യ-2020

***ജനനം***
രാമേശ്വരം. 1931 ഒക്ടോബർ 15
(ലോകവിദ്യാർത്ഥി ദിനം)
***മരണം***
*2015 ജൂലൈ 27*

A. ലോകമറിയപ്പെടുന്ന ശാസ്ത്രജ്ഞനും ഇന്ത്യയുടെ പ്രഥമ പൗരനുമായി മാറിയ ഡോ.എ.പി.ജെ.അബ്ദുൽ കലാമിനെക്കുറിച്ച് നിങ്ങൾക്കറിയാവുന്ന കാര്യങ്ങളും മുകളിലെ സൂചനകളും ചേർത്ത് ഒരു ജീവചരിത്രക്കുറിപ്പ് തയ്യാറാക്കു.

B. 'പരിശ്രമം ചെയ്യുകിലെന്തിനേയും' എന്ന പാഠഭാഗം എടുത്തിട്ടുള്ളത് ഏതു കൃതിയിൽ നിന്നാണ്
(വിടരേണ്ട പൂമൊട്ടുകൾ/ജ്വലിക്കുന്ന മനസ്സുകൾ/അഗ്നിച്ചിറകുകൾ)